നം. സി.ഇ.ഇ/1627/എം.ഡി.എച്ച്/2014/റ്റി.എ.3

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ : 2014-15

1. തിരുവനന്തപുരത്തും, കോഴിക്കോടുമുള്ള സർക്കാർ ഹോമിയോ മെഡിക്കൽ കോളേജുകളിൽ 2014-15 വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

(I) നേറ്റിവിറ്റി : അപേക്ഷകൻ ഇൻഡ്യൻ പൗരനായിരിക്കണം.

(II) **വിദ്യാഭ്യാസ യോഗ്യതകൾ:** ബി.എച്ച്.എം.എസ്. (ഡയറക്ട്/ഗ്രേഡഡ്) അഥവാ കേന്ദ്ര ഹോമിയോ കൗൺസിൽ തത്തുല്യമായി അംഗീകരിച്ച ബിരുദം. പ്രവേശനത്തിനുള്ള ഇന്റർവ്യൂ തീയതിക്കു മുമ്പ് ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഇവർ അഡ്മിഷൻ സമയത്ത് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം. മൂന്നിൽ കൂടുതൽ തവണ എഴുതി അവസാന വർഷ പരീക്ഷ വിജയിച്ചവർക്ക് പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(III) **വയസ്സ്:** ജനറൽ വിഭാഗം അപേക്ഷകർക്ക് 01.01.2014 ൽ 45 വയസ്സ് കവിയരുത്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്കും പരമാവധി 5 വർഷത്തെ വയസ്സിളവ് അനുവദിക്കുന്നതാണ്.

3. **തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും:** കേരളത്തിലെ റൂറൽ സർവ്വീസ് ക്വാട്ട, സർക്കാർ, സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്കു വേണ്ടി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ എന്നിവ ഒഴികെയുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനം **31.08.2014** ന് **തിരുവനന്തപുരത്തു** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും.

പ്രവേശന പരീക്ഷയ്ക്ക് 2 മണിക്കൂർ വീതം ദൈർഘ്യമുള്ളതും 150 ചോദ്യങ്ങൾ വീതം ഉള്ളതുമായ രണ്ട് പേപ്പറുകൾ ഉണ്ടായിരിക്കും. ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും. പേപ്പർ ഒന്നിൽ പ്രീ-ക്ലിനിക്കൽ, പാരാ ക്ലിനിക്കൽ വിഷയങ്ങളും പേപ്പർ രണ്ടിൽ ക്ലിനിക്കൽ വിഷയങ്ങളും ഉൾപ്പെടുന്നതാണ്.

4. **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട വിധം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും **www.cee.kerala.gov.in** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാക്കുന്ന പൊതു അപേക്ഷാഫോം ഉപയോഗിച്ച് **ഓൺലൈനായി 09.08.2014 മുതൽ 16.08.2014 വൈകുന്നേരം 3 മണി** വരെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസ്സും ഇതേ വെബ്സൈറ്റിൽ 09.08.2014 മുതൽ ലഭ്യമാകുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ/ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലോ/ഹോമിയോ മെഡിക്കൽ കോളേജിലോ അപേക്ഷാഫോറം ലഭിക്കുന്നതല്ല. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പ്രോസ്പെക്ടസ്സ് ക്ലോസ് 9 ൽ വിശദമാക്കിയിട്ടുണ്ട്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും, അതിനോടൊപ്പം ലഭിക്കുന്ന ബാങ്ക് ചെലാൻ ഉപയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (**SBT**) ന്റെ ഏതെങ്കിലും ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതുമാണ്. ജനറൽ/സർവ്വീസ് വിഭാഗം അപേക്ഷാഫീസ് 800/- രൂപ; SC/ST വിഭാഗം അപേക്ഷാഫീസ് 400/-രൂപ. കേരളത്തിൽ നിന്നുള്ള അപേക്ഷാർത്ഥികൾ അപേക്ഷാഫോറത്തിനോടൊപ്പം ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് എസ്.ബി.റ്റി യുടെ ഏതെങ്കിലും ഒരു ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതാണ്. കേരളത്തിനു വെളിയിൽ നിന്നുമുള്ള അപേക്ഷാർത്ഥികൾ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്ട് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

സർവ്വീസിലുള്ള അപേക്ഷാർത്ഥികൾ അപേക്ഷാഫീസായ 800/- രൂപ **പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, മണക്കാട് പി.ഒ, തിരുവനന്തപുരം-695009** എന്ന വിലാസത്തിൽ **തിരുവനന്തപുരത്തു** മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. **അപേക്ഷ സമർപ്പിക്കേണ്ട വിധം:** സർവ്വീസ് ക്വാട്ടയിലേക്ക് അപേക്ഷിക്കുന്നവർ ഒഴികെയുള്ള അപേക്ഷാർത്ഥികൾ ഓൺലൈൻ അപേക്ഷാഫോമിന്റെ പ്രിന്റൗട്ട് എടുത്ത് നിർദ്ദിഷ്ട സ്ഥാനത്ത് ഒപ്പിടുകയും ഫോട്ടോ പതിപ്പിച്ച് ഗസറ്റഡ് ഓഫീസറെ കൊണ്ട് സാക്ഷ്യപ്പെടുത്തി, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും ചെല്ലാൻ/ഡിമാന്റ് ഡ്രാഫ്റ്റ് (അസ്സൽ) സഹിതം **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001** എന്ന വിലാസത്തിൽ നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖേനയോ നിശ്ചിത സമയത്തിനുള്ളിൽ അയയ്ക്കേണ്ടതാണ്.

   സർവ്വീസ് ക്വാട്ടയിലേയ്ക്ക് അപേക്ഷിക്കുന്നവർ ഓൺലൈൻ അപേക്ഷാഫോമിന്റെ പ്രിന്റൗട്ട് എടുത്ത് നിർദ്ദിഷ്ട സ്ഥാനത്ത് ഒപ്പിടുകയും ഫോട്ടോ പതിപ്പിച്ച് ഗസറ്റഡ് ഓഫീസറെ കൊണ്ട് സാക്ഷ്യപ്പെടുത്തുകയും, അപേക്ഷാഫോമിൽ മേലധികാരിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള മറ്റു ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും ചെല്ലാൻ/ഡിമാന്റ് ഡ്രാഫ്റ്റ് (അസ്സൽ) സഹിതം സർക്കാർ/സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർ **പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, മണക്കാട് പി.ഒ, തിരുവനന്തപുരം-695009** എന്ന വിലാസത്തിലും റൂറൽ സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ **ഡയറക്ടർ, ഹോമിയോപ്പതി, ഫോർട്ട് പി.ഒ, തിരുവനന്തപുരം-695023** എന്ന വിലാസത്തിലുമാണ് അവരവരുടെ മേലുദ്യോഗസ്ഥർ വഴി സമർപ്പിക്കേണ്ടത്.

6. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:** സർവ്വീസിലുള്ളവർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും മേൽപ്പറഞ്ഞ പ്രകാരം ബന്ധപ്പെട്ട അധികാരികൾക്ക് **16.08.2014 ന് വൈകുന്നേരം 5 മണിക്കു** മുമ്പായി ലഭിയ്ക്കത്തക്ക വിധത്തിൽ അയയ്ക്കേണ്ടതാണ്. വൈകുന്നേരം 5 മണിക്കു ശേഷം ലഭിക്കുന്നതുൾപ്പെടെ വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

7. **അഡ്മിറ്റ് കാർഡ്** : അപേക്ഷാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ **23.08.2014** മുതൽ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

8. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തുവാനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

   അപേക്ഷാ ഫോമിൽ നൽകിയ മാതൃകയിൽ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ ആ മാതൃകയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

   അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇതു സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

9. പ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ സെലക്ഷൻ കമ്മിറ്റി ചെയർമാന് അയച്ചുകൊടുക്കുന്നതാണ്. സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള സീറ്റ് അലോട്ട്മെന്റ്, അഡ്മിഷൻ എന്നിവ പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി സെലക്ഷൻ കമ്മിറ്റി ചെയർമാൻ നടത്തുന്നതാണ്.

10. സർക്കാർ അംഗീകരിച്ചതും പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം പുറപ്പെടുവിച്ചതും www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യവുമായ 2014-15 വർഷത്തെ ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സിന്റെ പ്രോസ്പെക്ടസ്സിലുള്ള വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
02.08.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**